സിപ്പൽ അഡ്മിനിസ്ട്രേറ്റർക്ക് അവിടെനിന്നും കത്തുകിട്ടിയത് ഈ അടുത്തകാലത്താണ്. ഈ അടുത്ത കാലത്ത് കിട്ടിയ പ്രൊപ്പോസലിൻമേൽ ഇങ്ങനെ അനധികൃതമായി പ്രവർത്തിച്ചുകൂടാ എന്നുള്ള താക്കീതോടുകൂടി ചെയ്തത് അംഗീകരിക്കുകയും 69,205 രൂപ 73 പൈസയ്ക്ക് അപ്രൂവൽ കൊടുക്കുകയും ചെയ്തിട്ടുണ്ട്. 17-11-1986-ൽ അതനുസരിച്ചുള്ള ഉത്തരവ് വടകര മുനിസിപ്പാലിറ്റിക്ക് അയച്ചിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിക്കുകയാണ്.

(55) 'ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം' എന്ന ഉപന്യാസത്തെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്ത പ്രസംഗം

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ സർ, നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്ത ദേശീയ വിരുദ്ധമായ ഒരു പ്രസ്താവവും നടപടിയും തിരുത്താൻ സന്നദ്ധമാണോ അത് തിരുത്തിക്കണം എന്ന അഭ്യർത്ഥനയുമായിട്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അദ്ദേഹം ഡിസംബർ 11-ാം തീയതി കോഴിക്കോട് സർവ്വകലാശാലാ അക്കാഡമിക് കൗൺസിലിൽ ഒരു തീരുമാനം എടുത്തിരുന്നു. ലോകപ്രസിദ്ധ സാഹിത്യകാരനായ കസാൻദ് സാക്കീസിന്റെ 'Last Temptation of Christ' എന്ന നോവലിനെ ആസ്പദമാക്കി പി. എ. വാര്യർ എഴുതിയ 'ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം' എന്ന ഉപന്യാസം പിൻവലിക്കേണ്ടതില്ലെന്നായിരുന്നു ആ തീരുമാനം. പി. എ. വാര്യരുടെ അനുവേങ്ങാം എന്ന പുസ്തകത്തിലെ ഉപന്യാസം പഠിപ്പിക്കേണ്ടതില്ലെന്ന് യൂണിവേഴ്സിറ്റിയുടെ ബോർഡ് ഓഫ് സ്റ്റഡീസും ഫാക്കൽറ്റിയും തീരുമാനിച്ചതിനെതിരെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടുകൂടിയാണ് അത് പഠിപ്പിക്കണമെന്ന് അക്കാഡമിക് കൗൺസിൽ തീരുമാനിച്ചത്. ആ കൃതിയെ ആസ്പദമാക്കി രചിച്ച ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന നാടകത്തിനെതിരെ മതാദ്ധ്യക്ഷൻമാർ ലഹള സംഘടിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനത്തെക്കുറിച്ച് ബോർഡ് ഓഫ് സ്റ്റഡീസും ഫാക്കൽറ്റിയും വിദ്യാഭ്യാസമന്ത്രിയുടെ നിർദ്ദേശാനുസരണമാണ് ആ പാഠം പിൻവലിച്ചത്. ആ തെറ്റായ തീരുമാനത്തെ ഈ സംസ്ഥാനത്തെ സാംസ്കാരിക നായകൻമാരും വിദ്യാഭ്യാസ വിചക്ഷണൻമാരും ചോദ്യം ചെയ്തിരിക്കയാണ്. തുടർന്ന് വിദ്യാർത്ഥികളെ എന്തു പഠിപ്പിക്കണമെന്ന് അന്തിമമായി തീരുമാനമെടുക്കാൻ അധികാരമുള്ള അക്കാഡമിക് കൗൺസിൽ ഉചിതമായ തീരുമാനം എടുത്തു. അതിനെതിരെ ഹാലിളകിയാണ് മന്ത്രി ശ്രീ. ടി. എം. ജേക്കബ് ദേശീയ വിരുദ്ധമായ പ്രസംഗം നടത്തിയത്. ഡിസംബർ 12-ാംതീയതി കൊച്ചി ടൗൺ ഹാളിൽ കെ. ജി. പി. ടി. യൂണിയന്റെ വിദ്യാഭ്യാസ സമ്മേളനത്തിൽ സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അക്കാഡമിക് കൗൺസിൽ ഇതുപഠിപ്പിക്കണമെന്നുപറഞ്ഞാൽ കുറെ പിള്ളേർ ഇത് പഠിക്കാൻ പറ്റില്ലെന്നു പറയും. കത്തിക്കുത്തിനും തീവെപ്പിനും മുതിരും. ഒരു ചൊറുകഥയുടെ പേരിൽ മൈസൂരിൽ പതിനേഴു മനുഷ്യ ജീവൻ നഷ്ടപ്പെട്ടത് മറക്കണ്ട. ആ പ്രസംഗത്തിനുശേഷം ഇതേക്കുറിച്ച് വിശദീകരണം തേടി പത്രലേഖകൻമാർ ഗസ്റ്റ് ഹൗസിൽ ചെന്നപ്പോൾ മന്ത്രി പറഞ്ഞു. ഈ ഉപന്യാസം പഠിപ്പിക്കുന്നത് ശരിയല്ല എന്നാണ് സർക്കാരിന്റെ ഉറച്ച അഭിപ്രായം. ഇത് പഠിപ്പിച്ചാൽ കോഴിക്കോട് സർവ്വകലാശാല

LIBRARY ARCHIVES Kerala Legislative Assembly

യിൽ കലാപമുണ്ടാകും. ഇതിനോട് എതിർപ്പുള്ളവരുണ്ടല്ലോ? അവർ പലതും കത്തിക്കും, കത്തിക്കുത്തും നടത്തും. മന്ത്രി ശ്രീ. ബാലകൃഷ്ണപിള്ള നടത്തിയ പഞ്ചാബ് മോഡൽ പ്രസംഗം പോലെതന്നെ ദേശീയവിരുദ്ധമായ പ്രസംഗമാണ് മന്ത്രി ശ്രീ. ടി. എം. ജേക്കബ് കൊച്ചിയിൽ നടത്തിയ പ്രസംഗം. വിദ്യാലയങ്ങളിലും തെരുവുകളിലും ജനങ്ങളെ ഇറക്കിവിട്ട് വർഗ്ഗീയ കലാപം സൃഷ്ടിക്കുവാൻ പ്രേരിപ്പിക്കുന്നതാണ് മന്ത്രിയുടെ പ്രസംഗം. കുടകിൽ ഒരു ചെറുകഥയുടെ പേരിൽ പതിനേഴുപേരുടെ ജീവൻ നഷ്ടപ്പെട്ടു എന്ന മന്ത്രിയുടെ പ്രസ്താവന ഈ സന്ദർഭത്തിൽ വർഗ്ഗീയ വികാരങ്ങളെ ആളിക്കത്തിക്കുന്നതിനുവേണ്ടി ചെയ്തതാണ്. കലാപം സൃഷ്ടിക്കാനാണ് വർഗ്ഗീയവാദികളും ശ്രമിക്കുന്നത്. അതിന്റെ പിന്നിൽ കോൺഗ്രസ് നേതൃത്വം ബാംഗ്ലൂരിൽ ഉണ്ടായിരുന്നു. അവിടെ മുഹമ്മദ് നബിക്കെതിരാണ് കഥ എന്ന അസത്യം പ്രചരിപ്പിച്ച് കലാപം ഉണ്ടാക്കിയതുപോലെ ഇവിടെ ക്രിസ്തുദേവനെതിരെ യാതൊരു ആരോപണവും ഇല്ലാത്ത ഒരു പുസ്തകാസ്വാദനത്തിന്റെ പേരിൽ കലാപത്തിനും കത്തിക്കുത്തിനും ആഹ്വാനം ചെയ്യുകയാണ്. അതാണ് ഈ വിദ്യാഭ്യാസമന്ത്രി ചെയ്തത്. മതത്തിന്റെ പേരിൽ ജനങ്ങളെ ഇളക്കിവിടുന്നത് ദേശീയവിരുദ്ധമാണ്. മന്ത്രിയാകുമ്പോഴാണ് ചെയ്തത് സത്യപ്രതിജ്ഞാലംഘനമാണ്. വിദ്യാർത്ഥികളെ കണ്ണീരു കുടിപ്പിക്കുന്നു. അതുപോലെ ഏറെവും ഒടുവിലായി മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് പി. എ. വാര്യരുടെ "അനുഭങ്ങളി"ലെ "ക്രിസ്തുവിന്റെ അവസാനത്തെ അന്ത്യപ്രലോഭനം" പഠിപ്പിക്കേണ്ടതില്ലെന്നാണ് വൈസ് ചാൻസലർ തീരുമാനിച്ചത്. ഒരു സർക്കാരുദ്യോഗസ്ഥനായ വൈസ് ചാൻസലർ, ഒരു സാഹിത്യകാരനെന്ന് വരുത്തിയ വൈസ് ചാൻസലർ, അദ്ദേഹത്തിന്റെ സാഹിത്യം എസ്സി കൃട്ടീവ് അധികാരത്തിന്റെ എരിതീയിൽ ഹോമിക്കപ്പെട്ടിരിക്കയാണ്. അതാണ് ഇവിടെ കണ്ടിട്ടുള്ളത്. ഇഷ്ടമില്ലാത്ത ഒരു ഉപന്യാസം പാഠപുസ്തകത്തിൽ ഉൾപ്പെടുത്തേപോയാൽ പഠിപ്പിക്കാൻ പാടില്ല; അവിടെ തീവയ്പ് നടത്തുമെന്ന് പറയുന്നത് സാമാന്യമര്യാദകളുടെ അങ്ങേയറ്റത്തെ ലംഘനമാണ്. അതുകൊണ്ട് കോളേജുകളിൽ എന്തു പഠിപ്പിക്കണമെന്ന് തീരുമാനിക്കേണ്ടത് മാനേജുമെന്റാണെന്നാണ് കേരളാ പ്രൈവറ്റ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രഖ്യാപിച്ചത്. ആ സമ്മേളനത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിയും പങ്കെടുത്തു. അദ്ദേഹം ആ സമ്മേളനത്തിൽ പങ്കെടുത്ത് ആ പ്രഖ്യാപനത്തിന് പിന്തുണയും നൽകി. അതുകൊണ്ട് കോളേജുകളിൽ എന്തു പഠിപ്പിക്കണമെന്ന് മാനേജർമാർ തീരുമാനിക്കുമത്രേ. അതിന് മന്ത്രി പിന്തുണയും നൽകി. ഈ രണ്ടു പ്രഖ്യാപനങ്ങളും വരാൻ പോകുന്ന വലിയ ഒരു കൊടുങ്കാറ്റിന്റെ സൂചനയല്ലേ? കോളേജുകളിൽ എന്തു പഠിപ്പിക്കണമെന്ന് തീരുമാനിക്കേണ്ടത് വിദ്യാർത്ഥികളോ രക്ഷിതാക്കളോ മന്ത്രിയോ അല്ല. അതിന് ചില സമിതികളുണ്ട്. അത് നിശ്ചയിക്കേണ്ടത് സർവ്വകലാശാലയുടെ നിയമാവലി അനുസരിച്ച് പാഠ്യങ്ങളും പാഠ്യക്രമങ്ങളും നിശ്ചയിക്കും. അത് മന്ത്രിയും മാനേജ്മെന്റും അല്ല തീരുമാനിക്കേണ്ടത്. സർക്കാരിന്റെ പണംകൊണ്ടാണ് കോളേജുകളിൽ പഠിപ്പിക്കുന്നത്; അപ്പോഴും സർക്കാർ തീരുമാനിക്കണം മാനേജ്മെന്റ് ആ പാഠം പഠിപ്പിക്കുന്നില്ലെങ്കിൽ സർക്കാർ പണം കൊടുക്കേണ്ടതില്ലെന്ന് തീരുമാനിക്കേണ്ടിവരും. അതാണ് ജനാധിപത്യം. അല്ലാതെ മാനേജർക്ക് ഇഷ്ടംപോലെ പഠിപ്പിക്കാനുള്ള അവകാശമില്ല. അങ്ങനെ ഉൾക്കൊള്ളിക്കുന്ന പാഠത്തിൽ തെറ്റുണ്ടെങ്കിൽ അത് തീരുമാനിക്കാൻ എല്ലാ വിദ്യാഭ്യാസ വിചക്ഷണന്മാരും രക്ഷിതാക്കളും

LIBRARY ARCHIVES Kerala Legislative Assembly

കൂടി ഒരു സമ്മേളനം വിളിച്ചുകൂട്ടൻ പോവുകയാണ്. എല്ലാ വിഭാഗക്കാരെയും വിളിച്ച് ചർച്ച നടത്തണം. അതിനു മുൻകൈ എടുക്കേണ്ടതു വിദ്യാഭ്യാസമന്ത്രിയാണ്. അതു ചെയ്യാതെ കത്തിക്കാനും കത്തിക്കുത്ത് നടത്താനും ആഹ്വാനം ചെയ്തത് ഇഷ്ടമില്ലാത്തത് പറയിപ്പിക്കേണ്ടതില്ലെന്ന് പറഞ്ഞ് മാനേജ്മെന്റിനു പിന്തുണ നൽകുന്നതു തീർച്ചയായിട്ടും കേരളത്തിലെ വിദ്യാഭ്യാസരംഗം കൂടുതൽ കുഴപ്പത്തിലേക്ക് തള്ളിവിടുന്നും വർഗ്ഗീയ വികാരം ആളിക്കത്തിക്കാനുമുള്ള നിരുത്തരവാദപരമായ സമീപനമാണ് നമ്മുടെ മന്ത്രി സ്വീകരിച്ചത്. അതുകൊണ്ട് ഇത് പിൻവലിക്കണം. ഇത്തരം അപലപനീയമായ ഈ പ്രസ്താവന പിൻവലിച്ച് ഈ രാജ്യത്തെ വിദ്യാഭ്യാസമണ്ഡലത്തെ മതേതര വിദ്യാഭ്യാസം പഠിപ്പിക്കുന്നതിനുള്ള സംശുദ്ധിയിലേക്ക് നയിക്കാൻ ആവശ്യമായ നടപടികൾ മന്ത്രി ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ച കാര്യത്തെക്കുറിച്ച് എനിക്ക്, ഞാൻ പറയുന്നതിനു ഒരു കാര്യം അല്ലെങ്കിൽ ഞാൻ ഉദ്ദേശിക്കാത്ത ഒരു ആശയത്തെയാണ് ശ്രീ. ഇ.എം. ശങ്കരൻനമ്പൂതിരിപ്പാട് എന്റെ പ്രസ്താവന വന്നതിന്റെ അടുത്തദിവസം മറ്റൊരു രൂപത്തിൽ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചത് എന്നാണ് പറയുവാനുള്ളത്. 'അനുഭവങ്ങൾ' എന്ന പി.എ. വാര്യരുടെ പുസ്തകത്തിനകത്ത് ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം എന്ന ഒരു ഉപന്യാസമുണ്ട് ആ ഉപന്യാസത്തെ സംബന്ധിച്ച് ഈ സഭയിൽതന്നെ ബഹുമാനപ്പെട്ട ലോനപ്പൻ നമ്പാടൻ ഒരു സബ്മിഷൻ വഴി ഉന്നയിക്കുകയുണ്ടായി. ആ സന്ദർഭത്തിൽ അന്ന് ഞാൻ അതിനു മറുപടി പറഞ്ഞപ്പോൾ സൂചിപ്പിച്ചു, ഈ വിവാദപരമായ വിഷയം സംബന്ധിച്ച് ഇതിനുമുമ്പും പരാതി വന്നിട്ടുണ്ട് എന്ന്. അതുകൊണ്ട് ആ ഉപന്യാസം ഈ അദ്ധ്യയനവർഷത്തിൽ പഠിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിക്കണമെന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്തു. അനുഭവങ്ങൾ എന്ന പുസ്തകം അടുത്ത വർഷം മുതൽ മാറ്റണം എന്ന നിർദ്ദേശം കൊടുക്കാൻ ഗവൺമെന്റ് സന്നദ്ധമാണെന്ന് ഞാൻ ഇവിടെ സൂചിപ്പിച്ചു. ഈ സഭയിൽ പറഞ്ഞതനുസരിച്ച് വൈസ്ചാൻസലറെ ഗവൺമെന്റ് രേഖാമൂലം ഈ കാര്യം അറിയിക്കുകയുണ്ടായി. അങ്ങനെ അറിയിച്ചതിൽ എന്തെങ്കിലും തെറ്റുണ്ടോയെന്ന് എനിക്കോ എന്റെ ഗവൺമെന്റിനോ ബോധ്യമില്ല. കാരണം നമ്മുടെ സംസ്ഥാനത്ത് 1970-ൽ അധികാരത്തിലുണ്ടായിരുന്ന അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് പുറപ്പെടുവിച്ച ഒരു സർക്കുലറുണ്ട്. അത് പൊതുവിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ പുസ്തകങ്ങൾ തയ്യാറാക്കുന്ന ആളുകൾക്കും യൂണിവേഴ്സിറ്റിയിൽ പുസ്തകങ്ങൾ തയ്യാറാക്കുന്ന ആളുകൾക്കും ബാധകമാണ്. അതിനകത്ത് പറഞ്ഞിരിക്കുന്നത്, ഏതെങ്കിലും നിലയിൽ ഏതെങ്കിലും മതങ്ങളുടെ വികാരത്തെ മാറ്റു നിലയിൽ പ്രണപ്പെടുത്തുന്നതായിട്ടുള്ള കാര്യങ്ങൾ പാഠ്യഭാഗങ്ങളായി ഉൾപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണമെന്ന്. അങ്ങനെ ഒരു നിർദ്ദേശം കൊടുത്തിരിക്കുന്നത് നമ്മുടെ രാജ്യം ഒരു മതേതര രാജ്യമായതുകൊണ്ട് ഇവിടെ എല്ലാ മതത്തെക്കുറിച്ചും ചിന്തിക്കാനും വിശ്വസിക്കാനും ആരാധിക്കുവാനുമുള്ള പൂർണ്ണമായ സ്വാതന്ത്ര്യം ആളുകൾക്ക് ഉള്ളതുകൊണ്ടാണ്. മറിച്ച് ഒരു നിലപാട് വരുന്നത് ശരിയല്ലെന്നുള്ളതുകൊണ്ടാണ് ആ സർക്കുലർ അന്ന് പുറപ്പെടുവിച്ചത്. അതിനുശേഷം ബഹുമാനപ്പെട്ട ഇ.കെ. നായനാർ മുഖ്യമന്ത്രിയായി കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ രേണം നടന്നു. അന്ന് ശ്രീ. ബേബിജോൺ വിദ്യാഭ്യാസമന്ത്രി യായിരുന്നു. അപ്പോഴും ആ സർക്കുലറിൽ ഒരു മാറ്റവും വരുത്തിയില്ല. ഒരു മാറ്റം വരുത്തേണ്ട ആവശ്യമുണ്ടെന്ന് ഈ ഗവൺമെന്റിന് ബോധ്യമില്ല. അതുകൊണ്ട് ഗവൺമെന്റ് എടുത്തിരിക്കുന്ന ഒരു നിലപാട്, ഏതെങ്കിലും ഒരു മതത്തിന്റെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന കാര്യ ങ്ങൾ നമ്മുടെ പാഠപുസ്തകങ്ങളിൽ ചേർക്കേണ്ടതില്ലെന്നുതന്നെയാണ്. കഴിഞ്ഞ അഞ്ചു വർഷമായി വിദ്യാഭ്യാസമന്ത്രിയായിരിക്കുന്ന ആളാണ് ഞാൻ. ഈ സഭയിൽതന്നെ മറ്റു മതവിഭാഗങ്ങളുടേയും വികാരങ്ങളെ വ്രണപ്പെടുത്തുന്ന നിലയിൽ പുസ്തകങ്ങളിൽ പരാമർശനങ്ങൾ വന്നി ട്ടുണ്ടെന്ന് അഭിപ്രായങ്ങൾ ഉയർന്നുവന്നു. പ്രത്യേകിച്ചും സ്കൂൾ വിദ്യാഭ്യാസരംഗത്ത് ഏർപ്പെടുത്തിയിരിക്കുന്ന സോഷ്യൽ സയൻസ് പുസ്തകത്തിൽ അങ്ങനെ വന്നുവെന്ന്. അത് ഈ സഭയിലെ തന്നെ റിക്കോർഡുകൾ പരിശോധിച്ചാൽ കാണാൻ കഴിയും. മുസ്ലീം മത വിശ്വാസത്തേയും ഹിന്ദു മതവിശ്വാസത്തേയും കുറിച്ചാണ് അന്നു വന്നത്. ഒരിക്കൽ ശ്രീ. ലോനപ്പൻ നമ്പാടൻ തന്നെ ക്രിസ്ത്യാനികളുടെ കാര്യ ത്തിൽ എതിരായിട്ടുള്ള അഭിപ്രായങ്ങളും ദുഃഖവെള്ളിയാഴ്ച ആഘോ ഷിക്കുന്നു എന്നുള്ള നിലയിൽ കൊണ്ടുവന്നു. ദുഃഖവെള്ളിയാഴ്ച ആഘോഷമല്ലെന്നുപറഞ്ഞ് ഈ സഭയിൽ തന്നെ വന്നിട്ടുണ്ട്. അങ്ങനെ യുള്ള അഭിപ്രായങ്ങൾ ഈ നിയമസഭയിൽ നിയമസഭാ സാമാജികൻമാർ ഉന്നയിച്ചപ്പോൾ അതനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കുകയും അങ്ങനെയുള്ള ഭാഗങ്ങൾ പരിശോധിക്കുകയും അത് അവർ പറഞ്ഞതുപോലെ ഏതെങ്കിലും തെറ്റായ തരത്തിലാണ് വന്നിരിക്കുന്നതെങ്കിൽ അത് നീക്കം ചെയ്യാൻ നിർദ്ദേശം കൊടുക്കു കയും അങ്ങനെ പലതും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. അങ്ങ നെയുള്ള അനുഭവങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. ഇത് ഇന്നും ഇന്നലെയും പറഞ്ഞിട്ടുള്ളതല്ല. നേരത്തെ ഇങ്ങനെയൊരു സമീപനമാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളത്. ഒരിക്കലും യൂണിവേഴ്സിറ്റിയുടെ അക്കാഡമിക് സ്വാതന്ത്ര്യങ്ങളിലേക്ക് കൈകടത്താൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതിനുശേഷം ഫാക്കൽറ്റിക്ക് ഗവൺമെന്റ് ചില നിർദ്ദേശങ്ങൾ കൊടുത്തു. അങ്ങനെ നിർദ്ദേശം കൊടുക്കുമെന്ന് ഈ സഭയിൽ തന്നെ ഞാൻ പറഞ്ഞതാണ്. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു വാക്കുകൂടി പറയുകയുണ്ടായി. അങ്ങനെ നിർദ്ദേശം കൊടു ക്കുന്നത് അനുസരിക്കുന്നില്ലെങ്കിൽ ആവശ്യമായ നിയമഭേദഗതി വേണ മെങ്കിൽ വരുത്തിക്കൊണ്ട് വേണ്ട നിർദ്ദേശം കൊടുക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ് എന്ന് ഞാൻ പറഞ്ഞതിനുശേഷം മുഖ്യമന്ത്രി ഈ സഭയിൽ പറയുകയുണ്ടായി. ഗവൺമെന്റ് ഇവിടെ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വൈസ്ചാൻസലറെ ഇതു സംബന്ധിച്ച് രേഖാമൂലം അറിയിക്കുകയുണ്ടായി. അതിനെ തുടർന്ന് ഫാക്കൽറ്റിയും ബോർഡ് ഓഫ് സ്റ്റഡീസും കൂടുകയുണ്ടായി. ഫാക്കൽറ്റിയും ബോർഡ് ഓഫ് സ്റ്റഡീസും ഈ വിവാദപരമായ പാഠഭാഗം പഠിപ്പിക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തു. അതിനുശേഷമാണ് ബഹുമാനപ്പെട്ട നായനാർ ഇവിടെ സൂചിപ്പിച്ച പോലെ അക്കാഡമിക് കൗൺസിൽ കൂടുകയുണ്ടായത്. അക്കാഡമിക് കൗൺസിൽ ബഹുഭൂരി പക്ഷത്തോടുകൂടി ഇത് പഠിപ്പിക്കണമെന്ന ഒരു തീരുമാനമെടുക്കുകയും ചെയ്തു.

ഇങ്ങനെ പഠിപ്പിക്കണമെന്നുള്ള തീരുമാനം എടുത്തതിനുശേഷമാണ് ഞാൻ കൊച്ചിയിൽ മറ്റൊരു ചടങ്ങിന് പങ്കെടുക്കാൻ വേണ്ടി പോയത്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് പറഞ്ഞതുപോലെ ഞാൻ കെ.ജി.പി.ടി. യൂണിയന്റെ യോഗത്തിൽ അല്ല ഈ പ്രസംഗം നടത്തിയത്. എന്റെ കൈയിൽ 7 പത്രങ്ങളിലിരിപ്പുണ്ട്. ഞാൻ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് 7 പത്രങ്ങളിലും 7 രൂപത്തിലാണ് വന്നിരിക്കുന്നത്. ഞാൻ ഗസ്റ്റ്ഹൗസിൽ ഇരിക്കുമ്പോൾ നാല് പത്രപ്രവർത്തകർ അവിടെ വന്നു, അവർ എന്റെ അടുത്തു വന്നിട്ട് ചോദിച്ചു അക്കാഡമിക് കൗൺസിൽ ഈ പാഠപുസ്തകം പഠിപ്പിക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്, ഗവൺമെന്റിന് ഇതിനെക്കുറിച്ച് എന്ത്, പറയാനുണ്ട്, മന്ത്രിയുടെ പ്രതികരണം എന്താണെന്ന്. പത്രപ്രതിനിധികളെ കാണാൻ വന്നാൽ കാണുകയില്ലെന്നു പറയാൻ നമുക്ക് ആർക്കും കഴിയുകയില്ല. ഞാൻ അവരെ കണ്ടു. ഞാൻ അവരോടു പറഞ്ഞു എന്റെ അഭിപ്രായം അല്ലെങ്കിൽ ഗവൺമെന്റിന്റെ അഭിപ്രായം എന്തെന്ന് ഞാൻ നിയമസഭയിൽ വ്യക്തമാക്കിയിട്ടുണ്ട്, അതിൽ കൂടുതലൊന്നും പറയാനില്ല. അപ്പോൾ അതെന്താണെന്ന് ഒന്ന് പറയാമോ എന്നു ചോദിച്ചു. ഞാൻ പറഞ്ഞു ഈ വിവാദപരമായിരിക്കുന്ന ഈ ഉപന്യാസം ഈ വർഷം പഠിപ്പിക്കേണ്ടതില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനമെന്ന്. അത് പഠിച്ചാൽ എന്താണ് കുഴപ്പമെന്ന് അവർ ചോദിച്ചു. ഞാൻ പറഞ്ഞു പഠിച്ചാൽ ഉണ്ടാകാവുന്ന കുഴപ്പം ഇപ്പോഴത്തന്നെ തർക്കവിഷയമായിരിക്കുന്നു. ഒരു തർക്കവിഷയമായ കാര്യം കുട്ടികളെ പഠിപ്പിക്കാനുള്ള ശ്രമം നമ്മൾ നടത്തിയാൽ അതുവഴിയുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതായിരിക്കും. അതിന് വഴിതെളിക്കാൻ നമ്മൾ അനുവദിക്കണമോയെന്ന് ചോദിച്ചു. മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയിലെ രണ്ടു സെന്റൻസ് ഇവിടെ വായിക്കാൻ അങ്ങ് അനുവദിക്കണം. ''ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം'' എന്ന ഉപന്യാസം പഠിപ്പിക്കാൻ അനുവദിക്കില്ലെന്നു വിദ്യാഭ്യാസവകുപ്പുമന്ത്രി വ്യക്തമാക്കി. ഒരു ചെറുകഥയാണ് കർണ്ണാടകത്തിൽ 17 പേരുടെ മരണത്തിനിടയാക്കിയത്. കോളേജുകളിൽ ഈ പാഠഭാഗം പഠിപ്പിക്കാൻ ശ്രമിച്ചാൽ അതിനെ എതിർക്കാൻ ഒരു വിഭാഗം ഉണ്ടാകും. അതിന്റെ അനന്തരഫലം കലാപമായിരിക്കും. അങ്ങിനെ അനുവദിക്കാൻ ഗവൺമെന്റിന് സാദ്ധ്യമല്ല. കുട്ടികൾ വളർന്ന് വലുതാകുമ്പോൾ ഏതു പുസ്തകവും വായിച്ച് എന്ത് അഭിപ്രായവും സ്വരൂപിക്കുന്നതിൽ കുഴപ്പമില്ല. പക്ഷേ സ്കൂളുകളും കോളേജുകളും വിവാദങ്ങളുടെ വേദിയാക്കരുത് എന്നേ ഗവൺമെന്റിന് അഭിപ്രായമുള്ളു. ഈ കാര്യമാണ് ഞാൻ പറഞ്ഞത്. അതുതന്നെ ഇവിടെ കേരളകൗമുദി പത്രത്തിൽ വന്നിരിക്കുന്ന ഒരു സെൻറൻസ് ഞാൻ വായിക്കാം. ''കർണ്ണാടകത്തിൽ കേവലം ഒരു ചെറുകഥയിൽ വന്ന പരാമർശനമാണ് 17 പേരുടെ കൊലയിലും കലാപത്തിലും കലാശിച്ചത്.'' ഞാൻ അങ്ങനെ പറഞ്ഞതുകൊണ്ട് ആ കഥ തെറ്റാണെന്നു ഞാൻ പറഞ്ഞിട്ടില്ല. മറ്റൊരു പത്രത്തിലും വന്നിട്ടുണ്ട്. ഞാൻ അതു തന്നെയാണ് പറഞ്ഞത്. പി.എ. വാര്യരുടെ പുസ്തകം നിരോധിക്കണമെന്ന് ഞാൻ പറയുകയില്ല. അത് അനുവദിക്കാൻ, അത് പ്രസിദ്ധീകരിക്കാനുള്ള അവകാശം ഇവിടെയുണ്ട്. വായിക്കാനുള്ള സ്വാതന്ത്ര്യം ജനങ്ങൾക്കുണ്ട്; അവർ വായിച്ചോട്ടെ. വായിച്ച് അവരുടെ നിഗമനങ്ങൾ നടത്തട്ടെ. അതിൽ യാതൊരു എതിരഭിപ്രായവും ഉള്ള ആളല്ല ഞാൻ എന്ന് പറയുകയുണ്ടായി. ചില പത്രങ്ങളിൽ അതും റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഞാൻ ഉദ്ദേശിക്കാത്ത സംഗതിയാണ്. ഞാൻ ആകെക്കൂടി ഒരു കാര്യം പറഞ്ഞു. ഇവിടെ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പു വരുമ്പോൾ നിസ്സാരകാര്യങ്ങൾക്ക് കുട്ടികൾ കത്തിക്കുത്ത് നടത്താറുണ്ടെന്ന് പറഞ്ഞു. അങ്ങനെ കത്തിക്കുത്ത് നടത്താറുണ്ടെന്നു പറഞ്ഞാൽ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥം ഇതിന്റെ പേരിൽ കത്തിക്കുത്ത് നടത്താൻ ഞാൻ ആഹ്വാനം ചെയ്തുവെന്നാണോ? ഞാൻ ഉദ്ദേശിച്ച അർത്ഥം അതല്ല. അതിനു ശേഷം ബഹുമാനപ്പെട്ട ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് ഇതിനെക്കുറിച്ച് ഒരു പരാമർശനം നടത്തി. അത് വന്നു കഴിഞ്ഞിട്ട് ഞാൻ തന്നെ ഞാൻ ഉദ്ദേശിച്ചത് അതല്ലെന്നു പറഞ്ഞു. ഇവിടെ ഓരോരുത്തരുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യരുത്. ഞാൻ ഉദ്ദേശിക്കുന്നത് അങ്ങനെയല്ലെന്ന് വളരെ ബഹുമാനത്തോടുകൂടിയും ഉത്തരവാദിത്വത്തോടുകൂടിയും ഈ സഭയിൽ ഞാൻ വ്യക്തമാക്കുകയാണ്. ഞാൻ അങ്ങനെ ഉദ്ദേശിച്ചിട്ടില്ല. ഇവിടെ കലാപമോ കത്തിക്കുത്തോ ഉണ്ടാക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്തിട്ടില്ല. കൊടുക്കാൻ ഞാൻ ആഗ്രഹിക്കുന്നുമില്ല. അങ്ങനെ ചെയ്യൻ വ്യക്തിപരമായിട്ടോ അല്ലെങ്കിൽ സംഘടനാപരമായിട്ടോ ഒരു ഗവൺമെൻറിന്റെ പ്രതിനിധിയെന്നുള്ള നിലയിൽ അങ്ങനെ ആഗ്രഹിക്കുന്നത് ശരിയല്ല എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ, അതുകൊണ്ട് എന്റെ ഉദ്ദേശശുദ്ധിയെ അങ്ങ് ചോദ്യംചെയ്യരുത്. അതിനുശേഷം ഞാൻ മനോരമയിലും, മാതൃഭൂമിയിലും, ദീപികയിലും, കേരള കൗമുദിയിലും ഞാൻ പറഞ്ഞത് ആ രൂപത്തിൽ അല്ല എന്നുള്ളതിനെക്കുറിച്ച് നിഷേധക്കുറിപ്പുകളും വരുകയുണ്ടായി. മനോരമയിൽ തന്നെ വളരെ വലിയ ഹെഡ്ഡിംഗിൽ തീ വയ്ക്കാൻ ആഹ്വാനം ചെയ്തില്ല മന്ത്രി ജേക്കബ് എന്നു പറഞ്ഞ് ആ വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതെല്ലാം ആവർത്തിച്ചാവർത്തിച്ച് വന്നതിനുശേഷവും ഇങ്ങനെ പറയുന്നത് ശരിയല്ല.

സർ, ഒരു കാര്യം ബഹുമാനപ്പെട്ട ഇ.കെ. നായനാരുടെ ശ്രദ്ധയിൽ കൊണ്ടുവരട്ടെ. അതിനുശേഷമാണല്ലോ ബഹുമാനപ്പെട്ട ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് കോട്ടയത്ത് ഒരു പ്രസ്താവന നടത്തി ഞങ്ങളെയൊക്കെ നിങ്ങളുടെ മുന്നണിയിലേയ്ക്ക് ആഹ്വാനം ചെയ്തത്. എന്നിട്ട് അദ്ദേഹം എന്താണ് പറഞ്ഞത്. അദ്ദേഹം അങ്ങനെ ആഹ്വാനം ചെയ്തിരിക്കുന്നു എന്ന് ദേശാഭിമാനി പത്രം, അടക്കമുള്ള എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിച്ചു. അതു കഴിഞ്ഞ് രണ്ടു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു ഞാൻ അങ്ങനെ അല്ല പറഞ്ഞത്, ഞാൻ ഉദ്ദേശിച്ചത് അങ്ങനെയല്ലെന്ന്. ഞാൻ ഉദ്ദേശിക്കാത്ത രൂപത്തിലാണ് പത്രങ്ങളിൽ എഴുതിയിരിക്കുന്നതെന്ന് അദ്ദേഹം തന്നെ പറയുകയുണ്ടായി. ഞാൻ പത്രക്കാരെ കുറ്റം പറയുകയല്ല. പക്ഷേ, ഞാൻ പറഞ്ഞതിന്റെ തലയും വാലും ഇല്ലാത്ത ഒരു ഭാഗം മാത്രം എടുത്തിട്ട് അതിൽ ഞാൻ ഈ രാജ്യത്ത് കലാപത്തിനുവേണ്ടി ആഹ്വാനം കൊടുത്തുയെന്ന് പറയുന്നത് ശരിയല്ല. ഞാൻ അതിന് ആഗ്രഹിച്ചിട്ടുമില്ല. അങ്ങനെ ചെയ്തിട്ടുമില്ല. അങ്ങനെയുണ്ടാകരുതെന്ന് ആത്മാർത്ഥമായി ഞാൻ ആഗ്രഹിക്കുന്നുണ്ട്. ഈ സംഭവം നടക്കുന്ന സന്ദർഭത്തിൽ കർണ്ണാടകത്തിൽ ഇങ്ങനെ ഒരു സംഭവം ഉണ്ടായെന്നു പറഞ്ഞാൽ അതിനെ ന്യായീകരിക്കുകയാണോ? ഞാൻ എന്നിട്ട് പറഞ്ഞു. ഈ ചെറുകഥ കേരളത്തിൽ പ്രസിദ്ധീകരിക്കുകയും, ഇവിടെ മലയാളത്തിൽ ആളുകൾ വായിക്കുകയും ചെയ്തതാണ്. ഇങ്ങനെ ഇതിനൊക്കെ കലാപമുണ്ടാക്കാൻ ശ്രമിക്കുന്ന ആളുകൾ നമ്മുടെ രാജ്യത്തുണ്ട് സാമൂഹ്യദ്രോഹികൾ ഈ രാജ്യത്തുണ്ട്. അവർക്ക് അതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നത് ശരിയല്ല എന്നുള്ള സുചിന്തിതമായ അഭിപ്രായമുള്ള ഒരു വ്യക്തിയാണ് ഞാൻ. അതുകൊണ്ട് ഞാൻ അങ്ങനെ ഒരു ആഹ്വാനം കൊടുത്തിട്ടില്ല, അങ്ങനെ ആഹ്വാനം കൊടുക്കുകയുമില്ല, ഈ രാജ്യത്ത് ഒരു സംഘർഷം ഉണ്ടാകണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതുപോലെതന്നെ മറെറാരു കാര്യം അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ഏത് പുസ്തകം പഠിപ്പിക്കണം എന്ന് തീരുമാനിക്കേണ്ടത് യൂണിവേഴ്സിറെറിയുടെ ഭരണസമിതികളാണ്. ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുന്നു. അതിനു വ്യത്യസ്തമായി ആരുപറഞ്ഞാലും അത് ശരിയല്ല. ഒരു അക്കാഡമിക് ബോഡിയിൽ അല്ലെങ്കിൽ ഒരു യൂണിവേഴ്സിറെറിയിൽ ഏത് പാഠ പുസ്തകം പഠിപ്പിക്കണമെന്ന് തീരുമാനിക്കാനുള്ള പരമാധികാരം അതിന്റെ ബന്ധപ്പെട്ട സമിതികൾക്ക് തന്നെയാണ്. അതോടൊപ്പം തന്നെ ഗവൺമെൻറിന് ഒരു ചുമതലയുണ്ട്. അങ്ങനെ പഠിപ്പിക്കാൻ നിശ്ചയിക്കുന്ന ഏതെങ്കിലും പാഠഭാഗങ്ങളിൽ എന്തെങ്കിലും പ്രശ്നങ്ങൾ കടന്നുകൂടിയാൽ അതിനെസംബന്ധിച്ച് അഭിപ്രായം പറയുവാനും, തിരുത്തേണ്ടത് തിരുത്തേണ്ടതാണെന്ന് നിർദ്ദേശം കൊടുക്കാനുള്ള അവകാശവും അധികാരവും സർക്കാരിനുണ്ട്. അത് ഒരു ഇംപ്ലൈഡ് ആയിട്ടുള്ള അധികാരമായിട്ട് കണക്കാക്കേണ്ടതായിട്ടുണ്ട്. ആ ഒരു അധികാരം മാത്രമേ ഗവൺമെൻറ് ഉപയോഗിച്ചിട്ടുള്ളു. അതുകൊണ്ട് യൂണിവേഴ്സിറെറിയുടെ ഭരണ അക്കാഡമിക് കാര്യങ്ങളിൽ ഒന്നും കൈകടത്താൻ ഗവൺമെൻറ് ആഗ്രഹിക്കുന്നില്ല. അതിനുശേഷം സിൻഡിക്കേറ്റ് തൃശ്ശൂരിൽ കൂടി. സിൻഡിക്കേറ്റ് കൂടി ഈ വിഷയത്തെക്കുറിച്ച് സുദീർഘമായ ഒരു ചർച്ച നടത്തി. അവിടത്തെ വൈസ്ചാൻസലറായ ശ്രീ. ജയ്ചന്ദ്രനെ ഈ കാര്യത്തിൽ തീരുമാനമെടുക്കാൻ ചുമതലപ്പെടുത്തുകയുണ്ടായി. അദ്ദേഹം തീരുമാനമെടുത്തത് ഈ പാഠഭാഗം പഠിപ്പിക്കേണ്ടതില്ലെന്നാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത് ദയവായി ഇങ്ങനെയുള്ള പ്രസ്താവനകളെ വളച്ചൊടിച്ച് ജനമദ്ധ്യത്തിൽ ചിത്രീകരിച്ച് ആളുകളുടെയിടയിൽ ആശയക്കുഴപ്പവും ചിന്താകുഴപ്പവും ഉണ്ടാക്കാൻ അങ്ങയെപ്പോലുള്ള ആളുകളും ശ്രമിക്കരുത് എന്ന് മാത്രമാണ്. ഞാൻ ഇങ്ങനെ യാതൊരു ദുരുദ്ദേശത്തോടുകൂടിയും പ്രസ്താവന നടത്തിയിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ; സർ, 'ലെനിനും കർഷകനും' എന്നുള്ള പാഠപുസ്തകം പഠിപ്പിക്കാൻ പാടില്ലെന്നുപറഞ്ഞ് നിരോധിച്ചു. അതുപോലെ 'മനുഷ്യൻ ഉണരുമ്പോൾ' എന്നുള്ളതും നിരോധിച്ചു. അപ്പോഴൊന്നും പ്രതികരണമില്ല. വർഗ്ഗീയത പറയുമ്പോഴാണ് പ്രതികരണം. 'ലെനിനും കർഷകനും' അതിനെപ്പററി പ്രതികരണം ഉണ്ടായിട്ടില്ല ശ്രീ. ജേക്കബ്ബിനു. അതുപോലെ അധഃസ്ഥിതരുടെ അഭിവൃദ്ധിയെക്കുറിച്ച് 'മനുഷ്യൻ ഉണരുമ്പോൾ' എന്നുള്ള ഗോദാവരി പലേക്കറുടെ പുസ്തകത്തെപ്പററി പ്രതികരണമില്ല. ഉള്ളത് വള്ളമററം പറയുമ്പോഴാണ് പ്രതികരണം. അതുതന്നെയാണ് ഞങ്ങളുടെ പ്രൊട്ടസ്റ്റും. അതുകൊണ്ട് ഞങ്ങൾ പ്രതിഷേധിക്കുന്നു. മാനേജർമാർക്ക് കുമ്പിട്ടതുകൊണ്ടാണ് പ്രതികരണം.

ശ്രീ. ടി. എം. ജേക്കബ്: സർ, 'ലെനിനും കർഷകനും' എന്ന മൂന്നാം ക്ലാസ്സിലെ പാഠപുസ്തകം പഠിപ്പിക്കരുതെന്ന് ഗവൺമെൻറ് പറഞ്ഞിട്ടില്ല. അത് ആലുവാ വിദ്യാഭ്യാസജില്ലയിലെ ഏതോ ഒരു അക്കാഡമിക് കൗൺസിൽ അങ്ങനെ പഠിപ്പിക്കേണ്ടെന്നു തീരുമാനമെടുത്തതിനു ഗവൺമെൻറ് വിശദീകരണം ചോദിച്ചിരിക്കുകയാണ്. 'ലെനിനും അല്ലെങ്കിൽ മാർക്സും' ഒക്കെ രാജ്യത്ത് ചരിത്രപരമായ പ്രാധാന്യമുള്ള ആളുകളാണ്. ഗവൺമെൻറ് അത് അംഗീകരിക്കുന്നുണ്ട്. അതൊന്നും നിരോധിക്കാൻ ഗവൺമെൻറ് പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ; സർ, സംസ്ഥാനത്തിലെ വിദ്യാഭ്യാസം ജാതി–മത അടിസ്ഥാനത്തിലാക്കിയതിന്റെ ഫലമായിട്ട് താറുമാറായിരിക്കുകയാണ്. അതിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങിപ്പോയി.)

IV. റിപ്പോർട്ട് സമർപ്പണം

(1) നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച 1985-ലെ കേരള (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

Shri. M. M. Hassan: Sir, On behalf of the Chairman of the Subject Committee- X, I present the Kerala Payment of Pension to Members of Legislature (Amendment) Bill 1985, as reported by the Subject Committee.

(2) പട്ടിക ജാതി/പട്ടിക വർഗ്ഗ ക്ഷേമ സമിതിയുടെ റിപ്പോർട്ട്

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, പട്ടികജാതി–പട്ടിക വർഗ്ഗ ക്ഷേമ സമിതിയുടെ 18–മത് റിപ്പോർട്ട് ഞാൻ സഭയിൽ സമർപ്പിക്കുന്നു.

(3) ഹർജികൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുകൾ

ശ്രീ. പി. സി. ജോർജ്: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ പതിനെഞ്ചും പന്ത്രണ്ടും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു. പെറ്റീഷൻസ് കമ്മിറ്റിയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇതുപോലെ ഒരു സെഷനിൽ 12 റിപ്പോർട്ടുകൾ സമർപ്പിക്കുന്നത്.

(4) 1986-ലെ കേരള നിയമ സഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

Shri. M. M. Hassan: Sir, On behalf of the Chairman of the Subject Committee-X, I present the Kerala Payment of Pension to Members of Legislature (Amendment) Bill, 1986, as reported by the Subject Committee

LIBRARY ARCHIVES Kerala Legislative Assembly